തൊട്ടടുത്ത് കിടക്കുന്ന 7.5 സെന്റ് പഞ്ചായത്ത് പുറമ്പോക്ക് ലീസിന് വാങ്ങുകയും ഒരു അമിനിറ്റി സെന്റർ പണികഴിപ്പിക്കുകയും ചെയ്തു. സഞ്ചാരികളുടെ സൗകര്യാർത്ഥം ഒരു ബോട്ട് ടെർമിനൽ വിനോദസഞ്ചാര വകുപ്പ് നിർമ്മിച്ച് ബി.ആർ.ഡി.സി.-ക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ സന്ദർശകർക്ക് വിവരങ്ങൾ, വിശ്രമം, ഭക്ഷണം, പ്രാഥമിക സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും, ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടി ബി.ആർ.ഡി.സി. സ്വീകരിച്ചിട്ടുണ്ട്.

(ബി) ബേക്കലിൽ ആറ് റിസോർട്ട് സൈറ്റുകളിൽ അഞ്ചു സൈറ്റുകൾ റിസോർട്ട് നിർമ്മാണത്തിനായി പാട്ടകരാർ വ്യവസ്ഥയിൽ കൈമാറിയിട്ടുണ്ട്.

ഭാരത് ഗ്രൂപ്പിന്റെ ലളിത് റിസോർട്ട്&സ്പാ ഉദുമ ബേവൂരിയിൽ 31-1-2010-ൽ പ്രവർത്തനം ആരംഭിച്ചു. ഖന്ന ഹോട്ടൽ ഗ്രൂപ്പ് ഉദുമ കാപ്പിൽ നിർമ്മിക്കുന്ന റിസോർട്ടിന്റെയും ചെമ്മനാട് പഞ്ചായത്തിലെ ചെമ്പരിക്കയിൽ ഹോളിഡേ ഗ്രൂപ്പ് നിർമ്മിക്കുന്ന റിസോർട്ടിന്റെയും നിർമ്മാണ പ്രവർത്തനം ദ്രുതഗതിയിൽ നടന്നുവരുന്നു. പള്ളിക്കര പഞ്ചായത്തിലെ ചേറ്റുകുണ്ടിൽ എയർട്രാവൽ എന്റർപ്രൈസസ് നിർമ്മിക്കുന്ന റിസോർട്ട് നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്. ഉദുമ പഞ്ചായത്തിലെ കുതിരിൽ ഗ്ലോബ് ലിങ്ക് ഹോട്ടൽസ്&എന്റർടെയ്മെന്റ് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഒന്ന്; ഭാരത് ഗ്രൂപ്പിന്റെ ലളിത് റിസോർട്ട് & സ്പാ 31-1-2010-ൽ പ്രവർത്തനമാരംഭിച്ചു.

(ഡി) ബേക്കലിനെ അന്താരാഷ്ട്രാ ടൂറിസം ഭൂപടത്തിലെത്തിക്കുന്നതിനായി കേരള ടൂറിസം വെബ്സൈറ്റിൽ ബേക്കൽ വിനോദസഞ്ചാര കേന്ദ്രത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. വെബ് സൈറ്റിൽ ബേക്കലിനെക്കുറിച്ചുള്ള വിവരങ്ങൾക്കുപുറമേ സമീപത്തുള്ള പ്രധാന ഹോട്ടലുകളുടെ വിവരങ്ങളും നൽകിയിട്ടുണ്ട്.

ഇതു കൂടാതെ ബേക്കലിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ തയ്യാറാക്കി കേരള ടൂറിസത്തിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ബേക്കലിനു മാത്രമായി ബ്രോഷറുകൾ തയ്യാറാക്കി പ്രചാരണം നടത്തിവരികയും ചെയ്യുന്നു.

സംസ്ഥാനത്ത് സിവിൽപോലീസ് സംവിധാനം

13 (*193) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിവിൽ പോലീസ് സംവിധാനം നടപ്പാക്കുന്നതുമൂലം പോലീസ് സേനയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ സംവിധാനം നടപ്പാക്കുന്നതിനായി പോലീസ് വകുപ്പിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുമോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ആംഡ് റിസർവ്വ് പോലീസുകാരെ സ്റ്റേഷനുകളിലേക്ക് നിയോഗിക്കുന്നതിന്റെ ഫലമായി റിസർവ്വ് പോലീസിൽ ഉണ്ടാകുന്ന കുറവ് എങ്ങനെ പരിഹരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പുതിയ സംവിധാനം നടപ്പാക്കുന്നതോടൊപ്പം പോലീസുകാരെ ജനങ്ങളുടെ സംരക്ഷകരും സേവകരുമാക്കി മാറ്റുന്നതിനുതകുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ,

(എ) സിവിൽ പോലീസ് സംവിധാനം നടപ്പിലാക്കുന്നതിനുമുമ്പ് സായുധ ബറ്റാലിയനുകളിൽ നിയമിക്കപ്പെടുന്ന പോലീസുകാർ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് ജില്ലാ സായുധ പോലീസിലേക്കും അവിടെ നിന്നും ലോക്കൽ പോലീസിലേക്കും നിയമിക്കപ്പെടുകയാണ് ഉണ്ടായിരുന്നത്. ഈ സംവിധാനം വഴി ലോക്കൽ പോലീസിൽ നിയമിക്കപ്പെടുന്നവർ 40 വയസ്സിന് മുകളിലുള്ള വരായിരുന്നു. സിവിൽ പോലീസ് സംവിധാനം നിലവിൽ വന്നതോടെ സായുധ ബറ്റാലിയനിൽ നിന്നും നേരിട്ട് സിവിൽ പോലീസിലേക്ക് നിയമിക്കപ്പെടുന്നതു കൊണ്ട് ചെറുപ്പക്കാരായ പോലീസുകാരുടെ സേവനം പോലീസ് സ്റ്റേഷനുകളിൽ ഉയരുന്നതും നൈറ്റ് പട്രോളിംഗിനും ക്രമസമാധാന പരിപാലന ജോലിക്കും കൂടുതൽ ചെറുപ്പക്കാരായ പോലീസുകാരുടെ സേവനം ലഭ്യമാക്കുകയും ചെയ്യുന്നു.

(ബി) സിവിൽ പോലീസ് സംവിധാനം നടപ്പിലാക്കുന്നതിനായി പോലീസ് വകുപ്പിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കപ്പെടുന്നില്ല.

(സി) സംയോജനത്തെത്തുടർന്ന് ഇപ്പോൾ ജില്ലാ സായുധ പോലീസ് ചെയ്തുകൊണ്ടിരിക്കുന്ന ചില പ്രത്യേക ജോലികൾ ഡിസ്ട്രിക് ഹെഡ് ക്വാർട്ടേഴ്സ് വിംഗ് നിർവ്വഹിക്കുന്നതാണ്. ഓരോ ജില്ലയിലേയും ഡിസ്ട്രിക് ഹെഡ് ക്വാർട്ടേഴ്സ് വിംഗിന് ആവശ്യമായ അംഗബലം സംബന്ധിച്ച പഠനം നടത്താൻ ശ്രീ. ഹേമചന്ദ്രൻ ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് സിവിൽ പോലീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലാ സായുധ പോലീസ് ഉദ്യോഗസ്ഥർക്കായുള്ള 72 ദിവസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly